# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2595 | 13.03.2020 ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതും സംസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കൊല്ലം ഡിവിഷന്റെ പരിധിയിൽ തമിഴ് നാട്ടിൽ കുറ്റാലത്ത് 56.68 ഏക്കർ സ്ഥലത്തായി കേരളാ പാലസ് സ്ഥിതി ചെയ്യുന്നു. |
| (ബി) | ഈ വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തുന്നത്; എങ്കിൽ അത്തരം വസ്തുക്കൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | കേരളാ പാലസ് കുറ്റാലത്തിന്റെ ഭരണവും പരിപാലനവും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലത്തിന്റെ പരിധിയിലാണ്. ടി പാലസിന്റെ പരിപാലനം നടത്തുന്നതിന് ഒരു കെയർടേക്കറും അഞ്ച് ഗാർഡനർമാരും ഒരു പാർട്ട് ടൈം സ്വീപ്പറും സേവനം നടത്തുന്നുണ്ട് |
| (സി) | പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ